## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *T332

**24.06.2014-** ൽ മറുപടിക്ക്

### അമിതപ്പലിശയുടെ ചൂഷണങ്ങളിൽപ്പെട്ടവർക്ക് പുതിയ വായ്പാ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ :**<br>**ശ്രീ. ആർ.രാജേഷ് :**<br>**ശ്രീമതി. കെ.കെ.ലതിക :**<br>**ശ്രീ. വി.ശിവൻകുട്ടി :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അമിത പ്പലിശയുടെ ചൂഷണങ്ങളിൽപ്പെട്ടവർക്കായി പ്രഖ്യാപിച്ച പുതിയ വായ്പാ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) കർഷകത്തൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാനവർഗ്ഗ വിഭാഗക്കാരെ അമിത പലിശയുടെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും, സഹായിക്കുന്നതിനുമായി 10,000/-രൂപ വരെയുള്ള ചെറുകിട വായ്പകൾ നൽകുന്നതിനും അവരിൽ തന്നെ ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5,000/- രൂപ വരെയുള്ള വായ്പ നൽകുന്നതിനുമുള്ള പദ്ധതികൾ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വന്തം ജാമ്യത്തിന്മേൽ വായ്പകൾ നൽകുന്നതാണ്. സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ ചുമത്തുന്ന പലിശ മാത്രമേ വായ്പകൾക്ക് ഈടാക്കുന്നുള്ളൂ. 10,000/ രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി ഒരു വർഷത്തിനകവും, 5000/-രൂപ വരെയുള്ള വായ്പകൾ പരമാവധി 100 ദിവസത്തിനകവും തിരികെ അടയ്ക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് പുറമെ പുതിയ വായ്പാ പദ്ധതിയുടെ ഭാഗമായി താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

i. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ നിന്നും ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ വിതരണം ചെയ്യുക.

ii. 50,000 രൂപ വരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ വിതരണം ചെയ്യുക.

iii. സഹകരണ സംഘങ്ങൾ/ബാങ്കുകൾ പരമാവധി 15 ദിവസത്തിനകം വായ്പ നൽകുന്നതിനും

iv. സഹകരണ സംഘം/ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 8 മണിവരെ 12 മണിക്കൂറായി ദീർഘിപ്പിക്കുന്നതിനും

v. വായ്പകൾക്ക് 16% വരെ ഈടാക്കിയിരുന്ന പലിശ ഒരു ശതമാനം കുറച്ച് പരമാവധി 15 ശതമാനമായി നിജപ്പെടുത്തുന്നതിനും

vi. സ്വർണ്ണപ്പണയ വായ്പ ഒരാൾക്ക് പരമാവധി 25 ലക്ഷം രൂപയായും, പലിശ നിരക്ക് പരമാവധി 12 ശതമാനമായും നിജപ്പെടുത്തുന്നതിനും

vii. ഞായറാഴ്ചകളിൽ ബാങ്കിംഗ് പ്രവർത്തനം നടത്തുന്നതിന് 'സൺഡേ ബാങ്കിംഗ്' നടപ്പിലാക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ബി) പുതിയ വായ്പാ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; തന്നാണ്ടിൽ പ്രസ്തുത പദ്ധതിയ്ക്കായി എന്ത് അധിക ചെലവ് പ്രതീക്ഷിക്കുന്നു;

(ബി) പുതിയ വായ്പാ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയ്ക്കായി യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ല.

സി) പുതിയ വായ്പാ പദ്ധതിയിലൂടെ ബ്ലേഡ് കമ്പനികൾക്കും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും നൽകേണ്ട തുകയുടെ വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കപ്പെടുമെന്നാണോ പ്രതീക്ഷിക്കുന്നത്; സർക്കാർ പ്രഖ്യാപിച്ച പദ്ധതി വഴി വായ്പ എടുക്കുന്നയാളിന് ബ്ലേഡുകാരുടെ കടം വീട്ടാനല്ലാതെ വായ്പാ തുക വിനിയോഗിക്കാൻ അവകാശം ഉണ്ടാകുമോ ; വിശദമാക്കുമോ;

(സി) ധനകാര്യ സാമ്പത്തിക സ്ഥാപനത്തിൽ നിന്ന് വായ്പ ലഭിയ്ക്കുന്നതിന് ഈട് നൽകുന്നതിന് ആസ്തിയോ, ജാമ്യം നിൽക്കാൻ ആരുമില്ലാത്തവരോ ആയ സാധാരണക്കാർ, തൊഴിലാളികൾ തുടങ്ങിയവരാണ് കൊള്ളപ്പലിശക്കാരുടെ കെണിയിൽ അകപ്പെടുന്നവരിൽ ഭൂരിഭാഗം പേരും. സഹകരണ വകുപ്പ് പ്രഖ്യാപിച്ച പുതിയ വായ്പാ പദ്ധതി പ്രകാരം ബ്ലേഡു കമ്പനികൾക്കും കൊള്ള പലിശക്കാർക്കുമുള്ള കടം വീട്ടുന്നതിനല്ല മറിച്ച്, സ്വകാര്യ പണമിടപാടുകാരെയും, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെയും ആശ്രയി

ക്കുന്ന സാധാരണക്കാരെയും സാമ്പത്തികശേഷിയില്ലാത്തവരെയും സഹായിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഡി) കടക്കെണിയിൽപ്പെട്ടവരുടെ കടം വീട്ടാൻ നൽകുന്ന വായ്പയ്ക്ക് സബ്സിഡി നൽകുന്നുണ്ടോ;

(ഡി) ഇല്ല

ഇ) ബ്ലേഡ് കമ്പനികളുടെ അന്യായ പലിശ നിവാരണം ചെയ്യാൻ നടപടികൾ സ്വീകരിക്കാതെ, കുടിശ്ശിക തീർക്കാൻ കടക്കാർക്ക് പുതിയ വായ്പലഭ്യമാക്കുന്നത് കടക്കെണിയിൽപ്പെട്ടവരെ ഫലത്തിൽ സഹായിക്കുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ?

(ഇ) കുടിശ്ശിക തീർക്കാൻ കടക്കാർക്ക് പുതിയ വായ്പ ഇപ്പോൾ നൽകുന്നില്ല. എന്നാൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും, സ്ഥിര വരുമാനമോ, ഈടു നൽകാൻ ആസ്തിയില്ലാത്തവരോ ആയവരും, സാമ്പത്തികശേഷിയില്ലാത്ത വിധവകൾ, വികലാംഗർ എന്നിവരെയും കടക്കെണിയിൽപ്പെടാതെ സംരക്ഷിക്കുന്നതിനാണ് ഇത്തരം വായ്പകൾ നൽകുന്നത്. ഇത് കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ